# ഇസ്‌ലാമും പൗരസ്ത്യ മതങ്ങളും തമ്മിലെ പാരസ്പര്യം പങ്കുവെച്ച ന്യൂദല്‍ഹി ഡയലോഗ്

**കവര്‍സ്റ്റോറി** ● വി.എ മുഹമ്മദ് അശ്‌റഫ്



■ സഫറുല്‍ ഇസ്‌ലാംഖാനും അലി ഖുറദാഗിയും

**ക്രൈസ്തവ-ഇസ്‌ലാം** മതങ്ങള്‍ തമ്മിലുള്ള ഏറെ ഗൗരവതരമായ ഒട്ടേറെ ഡയലോഗുകള്‍ 2001 സെപ്റ്റംബറിന് ശേഷം നടന്നുവെങ്കിലും ഇസ്‌ലാമും പൗരസ്ത്യ മതങ്ങളും തമ്മിലുള്ള ആഴത്തിലുള്ള ഡയലോഗ് ഇദംപ്രഥമമായി നടന്നത് 2010 ഫെബ്രുവരി 20,21 തീയതികളില്‍ ന്യൂദല്‍ഹിയിലെ ജാമിഅ മില്ലിയ ഇസ്‌ലാമിയയിലാണ്. *മില്ലിഗസറ്റ്* എന്ന ഇംഗ്ലീഷ് ജേര്‍ണലിന്റെ എഡിറ്റര്‍ ഡോ. സഫറുല്‍ ഇസ്‌ലാം ഖാന്‍ നേതൃത്വം നല്‍കിയ ഡയലോഗിനെ ഖത്തര്‍ ആസ്ഥാനമാക്കി പ്രവര്‍ത്തിക്കുന്ന മുസ്‌ലിം പണ്ഡിതന്മാരുടെ ആഗോള യൂണിയനാണ് സ്‌പോണ്‍സര്‍ ചെയ്തത്. കൂടാതെ അഖിലേന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ, മുസ്‌ലിം വ്യക്തിനിയമ ബോര്‍ഡ്, ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, ജംഇയ്യത്തുല്‍ ഉലമായേ ഹിന്ദ്, അഹ്‌ലേ ഹദീസ് തുടങ്ങിയ ഒട്ടേറെ സംഘടനകള്‍ സംഘാടക സമിതിയിലുണ്ടായിരുന്നു. ഇസ്‌ലാമും പൗരസ്ത്യ മതങ്ങളും തമ്മിലുള്ള പരസ്പര ബാന്ധവവും പാരസ്പര്യവും പങ്ക്‌വെക്കുന്ന മൂല്യങ്ങള്‍, വിശ്വാസപരമായ സാധര്‍മ്യം എന്നിവയായിരുന്നു മുഖ്യചര്‍ച്ചാ വിഷയങ്ങള്‍. രണ്ട് ദിവസങ്ങളില്‍ ഏഴു സെഷനുകളിലായി മൊത്തം 54 പ്രബന്ധങ്ങളാണ് അവതരിപ്പിക്കപ്പെട്ടത്. മിക്ക പ്രബന്ധങ്ങളും ഇംഗ്ലീഷിലാണെങ്കിലും ഉറുദു, അറബി ഭാഷകളിലുമുണ്ടായിരുന്നു.

ജാമിഅ മില്ലിയയിലെ അന്‍സാരി ഓഡിറ്റോറിയത്തില്‍ പ്രത്യേകം ക്ഷണിക്കപ്പെട്ട ഇസ്‌ലാം, ഹിന്ദു, ജൈന, ബൗദ്ധ, സിഖ് മതങ്ങളില്‍പ്പെട്ടവരും ഇന്ത്യ, ശ്രീലങ്ക, പാകിസ്താന്‍, ഖത്തര്‍, നേപ്പാള്‍ എന്നിവിടങ്ങളില്‍ നിന്നുള്ളവരുമായ ഏതാണ്ട് 250 ഓളം പണ്ഡിതന്മാരാണ് ഡയലോഗില്‍ സംബന്ധിച്ചത്.

ഉപരാഷ്ട്രപതി ഡോ. ഹാമിദ് അന്‍സാരിയാണ് ഡയലോഗ് ഉദ്ഘാടനം ചെയ്തത്. 'സംസ്‌കാരങ്ങള്‍ തമ്മിലുള്ള സംഘട്ടനം' എന്ന യുദ്ധോന്മുഖമായ പ്രവണതക്കുള്ള ശക്തമായ മറുപടിയായി മതാന്തര ഡയലോഗ് സംരംഭങ്ങളെ അദ്ദേഹം വിലയിരുത്തി. സിവില്‍ സമൂഹത്തില്‍ ഗുണാത്മകമായ ഒട്ടേറെ മാറ്റങ്ങള്‍ ഇത്തരം ഡയലോഗുകള്‍ വരുത്തും. ലോകത്തെ ഏതാണ്ട് 1.57 ബില്യണ്‍ വരുന്ന മുസ്‌ലിംകളുടെ മൂന്നില്‍ രണ്ട് ഭാഗവും ജീവിക്കുന്നത് പൗരസ്ത്യ രാജ്യങ്ങളിലാണെന്നത് ഇത്തരമൊരു ഡയലോഗിന്റെ പ്രാധാന്യം വര്‍ധിപ്പിക്കുന്നു; അദ്ദേഹം പറഞ്ഞു. ഹിന്ദുമതത്തെക്കു

റിച്ച മുസ്‌ലിം വീക്ഷണത്തിന്റെ രൂപപ്പെടൽ 11–ാം നൂറ്റാണ്ടിലെ അൽബിറൂനി എന്ന ചിന്തകനിൽ നാം കണ്ടെത്തുന്നു. ഇസ്‌ലാമും ഹൈന്ദവതയും തമ്മിലുള്ള സാദൃശ്യങ്ങൾ അദ്ദേഹം ഉപനിഷത്തുക്കൾ ഉദ്ധരിച്ച് എടുത്തുകാട്ടുന്നുണ്ട്. എന്നാൽ ഇത്തരം പ്രവണതകൾ പിന്നീട് വികസിപ്പിച്ചില്ലെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ദാരാ ഷിഖോവിൽ ഈ പ്രവണത പുനരുജ്ജീവിച്ചതായി നമുക്ക് കാണാം. ഇന്ത്യൻ ഏകദൈവത്വ (തൗഹീദ്) ദർശനത്തിന്റെ കാമ്പും കാതലും ദാരാ ഷിഖോ തന്റെ *മജ്മുൽ ബഹ്റൈൻ* എന്ന കൃതിയിൽ വിശകലനം ചെയ്യുന്നുണ്ട്. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ശാന്തിയുടെ പുതുയുഗപ്പിറവിക്ക് ഈ ഡയലോഗ് സംരംഭങ്ങൾ ഉതകട്ടെ എന്നദ്ദേഹം ആശംസിച്ചു.




ഉദ്ഘാടന സമ്മേളനത്തിൽ, ആഗോള മുസ്‌ലിം പണ്ഡിത യൂണിയൻ പ്രസിഡന്റായ ഡോ. യൂസുഫുൽ ഖറദാവിയെ പ്രതിനിധീകരിച്ച്, വൈസ് പ്രസിഡന്റ് പ്രഫ. അലി അൽഖുറദാഗി, ഖത്തർ ഗവൺമെന്റ് സ്പോൺസർ ചെയ്യുന്ന കമ്മിറ്റി ഫോർ വേൾഡ് ഡയലോഗിന്റെ തലവൻ ഡോ. ഇബ്റാഹീം അൽനഈമി, വ്യക്തിനിയമ ബോർഡ് അധ്യക്ഷൻ മൗലാനാ മുഹമ്മദ് റാബിഅ് ഹസൻ നദ്‌വി, പ്രയാഗ് പീഠത്തിലെ ജഗദ്ഗുരു ശങ്കരാചാര്യ ഓംകാർ ആനന്ദ് സരസ്വതി, ജാമിഅ മില്ലിയ്യ വൈസ്ചാൻസലർ നജീബ് ജംഗ്, ജയിൻ ടി.വി ന്യൂസ് ഉടമ ഡോ. ജെ.കെ ജയിൻ, പാകിസ്താനിൽനിന്നുള്ള സിഖ് പാർലമെന്റംഗം ഡോ. ആരാഷ് കുമാർ എന്നിവർ ഉദ്ഘാടന സെഷനിൽ പ്രസംഗിച്ചു.

പ്രഫ. അലി അൽ ഖുറദാഗി അധ്യക്ഷനായ 'പങ്കുവെക്കപ്പെടുന്ന മൂല്യങ്ങൾ' എന്ന രണ്ടാം സെഷനിൽ മില്ലി കൗൺസിൽ പ്രസിഡന്റ് മൗലാനാ അബ്ദുല്ല മൊഹിസി, ഭാരതി ശ്രീപീഠം വൈസ് ചാൻസലർ ശിവാനന്ദ് സരസ്വതി, 'അയോധ്യാ കീ ആവാസ്' എഡിറ്റർ യുഗൽ കിഷോർ ശാസ്ത്രി, സർദാർ തർലോചൻ സിംഗ് എം.പി, ജസ്റ്റിസ് കെ.എ അബ്ദുൽ ഗഫൂർ (ഇസ്‌ലാമും ഇതരമതങ്ങളും തമ്മിലുള്ള സഹകരണത്തിന്റെ സാധ്യതകൾ), സ്വാമി ലക്ഷ്മി ശങ്കരാചാര്യ, സയ്യിദ് അലി മുജ്തബ എന്നിവർ പങ്കെടുത്തു. നിതാന്തശാത്രവം പുലർത്തുന്നവിധം മതാനുയായികൾ തമ്മിലുള്ള വൈരാഗ്യം മതവിരുദ്ധമാണെന്ന് ജസ്റ്റിസ് ഗഫൂർ ഓർമപ്പെടുത്തി. ബഹുസ്വര സമൂഹത്തെ സൃഷ്ടിക്കാനുള്ള ദൈവിക ഇഛ നടപ്പാക്കും വിധം മുസ്‌ലിം മതചിന്തകൾ പുനരാവിഷ്കരിക്കണമെന്നും അദ്ദേഹം വാദിച്ചു.

പ്രഫ. എം.ഡി. നാലപ്പാട്ട് അധ്യക്ഷനായ മൂന്നാം സെഷനിൽ ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ (സമാധാനത്തിന് ഇസ്‌ലാമിന്റെ സംഭാവന), കശ്മീർ സർവകലാശാല ഇസ്‌ലാമിക പഠനവിഭാഗം തലവൻ ഡോ. ഹമീദ് നസീം റാഫിയാബാദി എന്നിവരായിരുന്നു മുഖ്യപ്രഭാഷകർ. ഇരുവരും ആഗോള മതാന്തര സംവാദ വേദികളിലെ സ്ഥിരം സാന്നിധ്യങ്ങളും വിദഗ്ധരും. ബൗദ്ധ, ജൈന, ഹൈന്ദവ മതത്തിന്റെ ഋഷികളും, സ്ഥാപകരുമായി അറിയപ്പെടുന്നവരിൽ പലരും യഥാർഥ പ്രവാചകന്മാരാകാമെന്ന സൂചനകൾ നമുക്ക് ലഭിക്കുന്നുണ്ട് – ജസ്റ്റിസ് ഷംസുദ്ദീൻ വാദിച്ചു. പാഴ്സി, ഹിന്ദു, ബൗദ്ധ വിഭാഗങ്ങളെ ആദ്യകാല മുസ്‌ലിം പണ്ഡിതന്മാർ വേദക്കാരിൽ ഉൾപ്പെടുത്തിയത് ആധുനിക മുസ്‌ലിം തലമുറ വിസ്മരിച്ചു – അദ്ദേഹം ആരോപിച്ചു.

ഖത്തറിലെ ഇന്റർഫെയ്ത്ത് ഡയലോഗ് സെന്റർ പ്രസിഡന്റ് ഡോ. ഇബ്റാഹീം അന്നഈമിയായിരുന്നു 'ഹിന്ദുവീക്ഷണം' എന്ന നാലാമത്തെ സെഷനിലെ അധ്യക്ഷൻ. 'ആർട്ട് ഓഫ് ലിവിംഗ്' പ്രസ്ഥാന നേതാവ് സ്വാമി സദ്യോജാത, സിഖ് നേതാവ് ഡോ. എം.എം വർമ, നേപ്പാളിലെ സനാതൻ ധർമ പ്രസ്ഥാന നേതാവ് ദാമോദർ ഗൗതം, ഫോറം ഫോർ ഇന്റലക്ച്വൽ ഡയലോഗിലെ (കൊച്ചി) വി.എ മുഹമ്മദ് അശ്റഫ് (ഹിന്ദുമതവും ഇസ്‌ലാമും: ചരിത്രപരവും ദൈവശാസ്ത്രപരവുമായ ചില യാഥാർഥ്യങ്ങൾ) എന്നിവർ പ്രസംഗിച്ചു. ഇന്ത്യൻ വർഗീയതയുടെ അടിസ്ഥാന സ്രോതസ്സ് കൊളോണിയൽ ചരിത്ര വീക്ഷണമാണെന്നും, ഹിന്ദു–മുസ്‌ലിം സംഘട്ടനം ആധുനിക കാലത്ത്

ഫാഷിസ്റ്റ് വർഗീയ കൊളോണിയൽ ലക്ഷ്യങ്ങളോടെ സൃഷ്ടിക്കപ്പെട്ടതാണെന്നും വാദിച്ചു.

രണ്ടാം ദിവസം രാവിലെ നടന്ന 'ജൈന വീക്ഷണം' എന്ന തലക്കെട്ടിൽ അഞ്ചാം സെഷനിൽ ഡോ. ജെ.കെ ജയിൻ, സ്വാമി ദാർമനാർ, ഫൂൽചന്ദ് ജൈൻപ്രേമി, ബ്രഹ്മകുമാരീസ് പ്രസ്ഥാന നേതാവ് പ്രേംപ്രകാശ് എന്നിവർ പ്രസംഗിച്ചു.

'ബുദ്ധിസ്റ്റ് വീക്ഷണം' എന്ന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയിൽ പാകിസ്താൻ സിഖ് പാർലമെന്റംഗം ആരിഷ് കുമാർ അധ്യക്ഷത വഹിച്ചു. ദലൈലാമയുടെ കീഴിലുള്ള സാംസ്കാരിക കേന്ദ്രത്തിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഗെഷെദോർജി ഡംദുൾ, ദമ്മ സൊസൈറ്റി ഇന്ത്യയുടെ ചെയർമാൻ മഹേന്ദ്രസിംഗ്, ശ്രീലങ്കയിൽ നിന്നുള്ള ഇസ്‌ലാമിക പഠന വിഭാഗം ഡയറക്ടർ ഡോ. എം.എ.എം ശുക്രി, ഭാരതീയ ബോദ് മഹാസഭയുടെ രാജസ്ഥാൻ പ്രസിഡന്റ് തേക്ചന്ദ് രാഹുൽ തുടങ്ങിയവർ പ്രസംഗിച്ചു. പത്മവിഭൂഷൻ ഡോ. കെ.ജെ യേശുദാസിന്റെ സാന്നിധ്യമായിരുന്നു ഈ സെഷനിലെ ഏറ്റവും ശ്രദ്ധേയമായ ഇനം. ഈശ്വരൻ ഒന്നേയുള്ളൂവെന്നും അവൻ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നുവെന്നും ഭാഷാപരവും ദേശീയവുമായ അതിർവരമ്പുകൾക്കതീതമായി മനുഷ്യരാശി ഒന്നാണെന്നും പരസ്പരം നന്മയിൽ സഹകരിച്ചുകൊണ്ടു മാത്രമേ ഈശ്വരനെ സേവിക്കാനാകുവെന്നും ഗാനഗന്ധർവൻ യേശുദാസ് തന്റെ ഇംഗ്ലീഷ് പ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു. ഈ ആശയം ഉൾക്കൊള്ളുന്ന ഒരു ഉറുദുകവിത അദ്ദേഹം താളാത്മകമായി ആലപിച്ചത് സദസ്യർ ഹർഷാരവം മുഴക്കിയാണ് സ്വീകരിച്ചത്.

സമാപന സമ്മേളനത്തിൽ ജാമിഅ മില്ലിയ്യയിലെ ഇസ്‌ലാമിക പഠനമേധാവി അഖ്തറുൽ വാസി അധ്യക്ഷത വഹിച്ചു. പ്രഫ. അലിഅൽ ഖുറദാഗി, ഡോ. യോഗീന്ദർ സിക്കന്ദ്, ഡോ. ഉസ്മാനഹീദ്, ഡോ. ഫരീദാഖാനം എന്നിവർക്ക് പുറമെ പ്രശസ്ത മലയാളി എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ കെ.പി രാമനുണ്ണിയും പ്രസംഗിച്ചു. ആത്മീയ മൂല്യങ്ങൾ കൈയൊഴിച്ചുകൊണ്ട് ഭൗതികതയിലുള്ള ആസക്തിയാണ് ആധുനിക കാലത്തെ മുഖ്യപ്രതിസന്ധികൾ സൃഷ്ടിച്ചത്. ഏകത്വ ദർശനം നൽകിയ അമൂല്യസംഭാവനകൾ ഓരോ വിശ്വാസിയും തിരിച്ചറിയേണ്ടതുണ്ട്. വ്യത്യസ്തതകൾ നിലനിൽക്കേ, പരസ്പരം രഞ്ജിപ്പിലും യോജിപ്പിലും കഴിയാനുള്ള കഴിവാണ് യഥാർഥ വിശ്വാസത്തിന്റെ മാനദണ്ഡം. പ്രവാചകൻ മുഹമ്മദിനെ കൃഷ്ണന്റെ ഇളയ സോദരനായി കരുതാനുള്ള വിശാലതയാണ് യഥാർഥ ഹിന്ദുവിനുണ്ടാകേണ്ടത്, രാമനുണ്ണി ഓർമപ്പെടുത്തി.

പ്രഫ. എം.ഡി നാലപ്പാട്ട് സമ്മേളന പ്രമേയങ്ങൾ അവതരിപ്പിച്ചു. സ്ത്രീശാക്തീകരണം എല്ലാ മതങ്ങളും പൊതുലക്ഷ്യമായി അംഗീകരിക്കുക, പൊതു മണ്ഡലങ്ങളിൽ സ്ത്രീകളുടെ വീക്ഷണങ്ങൾക്ക് പ്രാതിനിധ്യമനുവദിക്കുക, അടിസ്ഥാന മാനവിക മൂല്യങ്ങൾ ഉൾക്കൊണ്ട് പരസ്പരം പങ്കുവെച്ചുള്ള ജീവിതം കെട്ടിപ്പടുക്കുക, ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്താനായി പൊതുവായ മൂല്യങ്ങൾ ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ധാർമികപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക, മതതാരതമ്യപഠനവും മൂല്യവൽക്കരണവും കരിക്കുലത്തിന്റെ മുഖ്യപ്രമേയമാക്കുക, ഡയലോഗ് ലക്ഷ്യമാക്കി ദേശീയ പ്രസ്ഥാനമാരംഭിക്കുക എന്നിവക്കായി അദ്ദേഹം ആഹ്വാനം ചെയ്തു.

ഫോറം ഫോർ ഇന്റലക്ചൽ ഡയലോഗിലെ അഡ്വ. പി.കെ ഇബ്റാഹീം, ഡോ. അബ്ദുസ്സലാം വാണിയമ്പലം, എ.ഐ.സി.എൽ ഡയറക്ടർ കെ.എം സലാം, ഡയലോഗ് പ്രസ്ഥാനത്തിന്റെ പ്രവർത്തകൻ വി.കെ അബ്ദുൽഅസീസ് (ജിദ്ദ), നജ്മ അസീസ് എന്നിവർ കേരളത്തിൽനിന്ന് പങ്കെടുത്തവരിൽ ഉൾപ്പെടുന്നു.

മുസ്‌ലിം നാടുകളിലല്ലാതെ ജീവിക്കുന്ന ഭൂരിപക്ഷം മുസ്‌ലിംകളും പൗരസ്ത്യനാടുകളിലാണ് കഴിയുന്നത് എന്നതും മുസ്‌ലിം നാടുകളിൽ പൗരസ്ത്യമതക്കാരായ ഒട്ടനവധി പേർ പ്രവാസികളായി കഴിയുന്നു എന്നതും ഇത്തരമൊരു ഡയലോഗിന്റെ പ്രാധാന്യം വിളിച്ചോതുന്നു.

സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷം ഉയർന്നുവന്ന ഇസ്‌ലാമോഫോബിയ, 2001 സെപ്റ്റംബർ 11-ന് ശേഷം കൂടുതൽ ശക്തിപ്പെട്ട പശ്ചാത്തലത്തിലാണ് ഡയലോഗ് സംരംഭങ്ങൾക്ക് ആഗോളതലത്തിൽ മുസ്‌ലിം പണ്ഡിതർ നേതൃത്വം നൽകുന്നത്. യുദ്ധോന്മാദങ്ങളുടെ സാമ്രാജ്യഭാഷ്യത്തിന് സിവിൽ സമൂഹത്തിന്റെ ശക്തമായ മറുപടി എന്ന നിലക്ക് ഡയലോഗ് പ്രസ്ഥാനം മാറിയാൽ ലോകസമാധാനത്തിന് കനത്ത സംഭാവനകൾ ലഭിക്കുമെന്നതിൽ തർക്കമില്ല. ■